കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കള്ളാർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-10 /099/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 31.01.2019

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

കള്ളാർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കള്ളാർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 10/099/2019 , തിയ്യതി:31.01.2019.

# കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 23.07.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി,<br>ഡെപ്യൂട്ടി ഡയറക്ടർ.(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-12-2018 മുതൽ 05-01-2019വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ഗോപാലകൃഷ്ണ നായിക്ക്. പി. | ഓഡിറ്റ് ഓഫീസർ |
| രഘുനാഥൻ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ജെന കുര്യാക്കോസ് | അസി.ഓഡിറ്റ് ഓഫീസർ |
| ബാബു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | |

നിർവഹണാധികാരികൾ

| നിർവ്വഹണാധികാരി | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡണ്ട് | ശ്രീമതി.ത്രേസ്യാമ്മ ജോസഫ് | 01/ 04/2017 | 31/03/2018 |
| സെക്രട്ടറി | ശ്രീ.മുജീബ്.എസ്. അസി.സെക്രട്ടറി (അധിക ചുമതല) | 01/04/2017 | 07/06/2017 |
| | ശ്രീ.ബാലകൃഷ്ണൻ | 08/06//2017 | 20/07/2017 |
| | ശ്രീ.ഹരിദാസൻ മൂളിയിൽ | 21/07/2017 | 25/01/2018 |
| | ശ്രീ.സനിൽകുമാർ.ജി അസി.സെക്രട്ടറി (അധിക ചുമതല) | 26/01/2018 | 02/02/2018 |
| | ശ്രീ.ജിനചന്ദ്രൻ സെക്രട്ടറി | 03/02/2018 | 26/02/2018 |
| | ശ്രീ.സനിൽകുമാർ.ജി അസി.സെക്രട്ടറി (അധിക ചുമതല) | 27/02/2018 | 31/03/2018 |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മുജീബ്.എസ് | 01-04-2017മുതൽ 08-09-2017വരെ |
| | ശ്രീ.സനിൽകുമാർ.ജി | 09-09-2017മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ജിഷ്ണു.ബി | 01-04-2017മുതൽ 26-09-2017വരെ |
| | ശ്രീ.ഉമേശ്.കെ.വി | 27-09-2017മുതൽ |

| | | |
|---|---|---|
| | | 08-01-2018വരെ |
| | ശ്രീ.രാജേഷ്.എ.കെ | 09-01-2018മുതൽ 31-03-2018വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പുന്നൂസ് മാത്യു | 01-04-2017മുതൽ 31-03-2018വരെ |
| വെറ്റിനറി സർജ്ജൻ | ശ്രീ.ഡോ.മുരളീധരൻ | 01-04-2017മുതൽ 31-03-2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി.വിനോദിനി.കെ | 01-04-2017മുതൽ 31-03-2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശരണ്യ വേണു | 15-03-2017മുതൽ 31-03-2018വരെ |
| വി.ഇ.ഒ. | ശ്രീ.ജയരാജ്.പി | 01-04-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീമതി.ഡോ.ബേബി സിനി.എം | 01-04-2017മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ശ്രീമതി.ഡോ.ശ്രീജ | 01-04-2017മുതൽ 15-03-2018വരെ |
| | ശ്രീ.ദിലീപ്.കെ | 16-03-2018 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീമതി.ഡോ.സുനിത.എൻ | 01-04-2017മുതൽ 31-03-2018 വരെ |

ഉള്ളടക്കം



| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
|---|---|---|
| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |

| | | |
|---|---|---|
| 2 | വാർഷീക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| | ഇല്ല | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 11 | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം പദ്ധതി-അപാകത | 3-1 |
| 12 | പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് പഠനമുറി പദ്ധതി - നിർമ്മാണം തുടങ്ങിയിട്ടില്ല. | 3-2 |
| 13 | പട്ടികവർഗ്ഗ വിഭാഗങ്ങം ഭവനപുനരുദ്ധാരണ പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-3 |
| 14 | അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയിട്ടില്ല | 3-4 |
| 15 | കാർഷിക മേഖലയിലെ പദ്ധതി രൂപീകരണം,നിർവഹണം എന്നിവയിലെ പോരായ്മകൾ | 3-5 |
| 16 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്.റ്റി.) -പദ്ധതി സംബന്ധിച്ച് | 3-6 |
| 17 | അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകിയത് | 3-7 |
| 18 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കൃത്യമായ പ്രവർത്തനം നടക്കുന്നില്ല- കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല | 3-8 |
| 19 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നത് സംബന്ധിച്ച് | 3-9 |
| 20 | അങ്കണവാടികൾ - അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് | 3-10 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | നിക്ഷേപ പ്രവൃത്തികൽക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 24 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 25 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 28 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 28 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

29/03/2017 തീയതിയിലെ 1/17-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | |
|---|---|
| വർഷം | 2017-18 |
| തീരുമാനം നമ്പർ തീയ്യതി | 1/17,dt. 29/03/2017 |
| മുന്നിരിപ്പ് | ₹81,96,704 |
| വരവ് | ₹9,00,82,000 |
| ആകെ | ₹9,82,78,704 |
| ചെലവ് | ₹9,62,96,000 |
| നീക്കിയിരിപ്പ് | ₹19,82,704 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 26.06.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 06.07.2018 മുതൽ 07.07.2018 വരെ | കെ.എസ്.എ-കെ.എസ്.ഡി.3/816/2018. തി. 09.08.2018. (ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1.ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.) |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2017-18 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2. വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമിനത്തിൽ സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം 1,20,000 രൂപയാണ് പിൻവലിച്ച് ചെലവഴിച്ചിട്ടുള്ളത്.എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 1,80,000 രൂപയാണ് ഈയിനത്തിൽ ഉൾപ്പെടുത്തിക്കാണുന്നത്.

3. ലോകബാങ്ക് ധനസഹായം ഇനത്തിൽ തൻവർഷത്തെ ചെലവായി എ.സി.ആർ, സുലേഖ ചെലവ് പത്രിക, എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക ₹ 11,55,161 എന്നാണ്.എന്നാൽ രസീപ്റ്റ്& പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 9,15,960 രൂപ മാത്രമാണ് ഉൾപ്പെടുത്തിക്കാണുന്നത്. ഇവ തമ്മിലുള്ള വ്യത്യാസം ₹2,39,201 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനിയർ 18.08.2017ന് ട്രഷറിയിൽ നിന്നും (പ്രൊ.നം.163/18)പിൻവലിച്ചിട്ടുള്ളതുമാണ്. വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ B-3 ഷെഡ്യൂളിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷനിൽ ലോകബാങ്ക് ധനസഹായമിനത്തിൽ ₹11,55,161 തന്നെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് (B-11a) ഷെഡ്യൂളിലും, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-6 ലും ഈയിനത്തിൽ (-)2,39,201 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കുക.

4. ഓഡിറ്റ് വർഷം പുതുതായി ആരംഭിച്ച ഇ-പേയ്മെന്റ് ബാങ്ക് അക്കൗണ്ടിന്റെ (എസ്.ബി.ഐ.) A/c No.37017240408 ന്റെ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതിൽ പിശകുണ്ട്. തൻവർഷം വരവ് വന്ന തുക മാത്രമാണ് നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിലെ ഇനിഷ്യൽ ഡിപ്പോസിറ്റ് 10,000 രൂപ വരവിൽ കൂട്ടിയിട്ടില്ല. കൂടാതെ ബാങ്ക് ചാർജ്ജിനത്തിലെ ചെലവ് 649 രൂപയും കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ക്രമപ്പെടുത്തേണ്ടതാണ്.

5. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിന്റെ (പനത്തടി സർവ്വീസ് സഹകരണബാങ്ക്) 31-3-2018 ലെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ കാലാവധി കഴിഞ്ഞ ചുവടെ ചേർത്ത ചെക്കുകൾ ഉൾപ്പെട്ടുകാണുന്നു. ഇവ പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക

| ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടട് എന്ന ഭാഗത്ത് ഉൾപ്പെട്ടവ | ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് ഇന്റു ബാങ്ക് എന്ന ഭാഗത്ത് ഉൾപ്പെട്ടവ |
|---|---|
| ചെ.നം.14025/10-8-2017 ₹1,600 | ചെ.നം.16634/31-03-2017 ₹9.887 |
| ചെ.നം.14379/30-11-2017 ₹1,440 &₹730 | ചെ.നം.14025/10-08-2017 ₹1,600 |
| ചെ.നം.14357/09-11-2017 ₹768 | ചെ.നം.14379/30-11-2017 ₹1,440 &₹730 |
| | ചെ.നം.14357/09-11-2017 ₹768 |

| | |
|---|---|
| | ചെ.നം.14357/09-11-2017 ₹740 |

6. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 2,44,240/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലയിം ചെയ്യാത്തിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.
7. ഷെഡ്യൂൾ B-9-ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
8. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
9. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ , ബാലൻസ് സ്റ്റേറ്റ് മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
10. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റും കളക്ഷനും 11,85,350രൂപയാണ്. വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റിൽ ഈ തുക കാണിക്കുന്നുണ്ടെങ്കിലും, രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കളക്ഷൻ 11,75,350 രൂപയാണ്. വ്യത്യാസമായി കണ്ട 10,000 രൂപ പഞ്ചായത്ത് ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതിയാണെന്നും പ്രസ്തുത തുക രസീത് നം.117030105747/01-03-2018 പ്രകാരം ഒടുക്കിയതാണെന്നും അധികൃതർ അറിയിച്ചുവെങ്കിലും, വാർഷികക്കണക്കിൽ മേൽ ഇനത്തിൽ ഉൾപ്പെട്ടുകാണുന്നില്ല. ഇക്കാര്യം പരിശോധിക്കുക.

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | ₹1,30,21,899 |
| വരവ് | ₹5,14,76,787 |
| ആകെ | ₹6,44,98,686 |
| ചെലവ് | ₹5,69,22,105 |
| നീക്കിയിരിപ്പ് | ₹75,76,581 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടത്(₹) | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,27,37,300 | 1,27,37,300 | 97,87,816 | 29,49,484 | 76.84% |
| വികസനഫണ്ട്-എസ്.സി.പി. | 0 | 76,84,304 | 76,84,304 | 69,00,841 | 7,83,463 | 89.80% |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 33,41,643 | 33,41,643 | 33,30,747 | 10,896 | 99.67% |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 1,09,46,603 | 1,09,46,603 | 72,25,324 | 37,21,279 | 66.00% |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 29,86,397 | 29,86,397 | 16,33,780 | 13,52,617 | 54.70% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 62,43,936 | 62,43,936 | 32,77,196 | 29,66,740 | 52.48% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 20,11,961 | 20,11,961 | 11,55,161 | 8,56,800 | 57.41% |
| ബി. ഫണ്ട് (ഡി.ബി.റ്റി ഉൾപ്പടെ) | 0 | 3,20,97,900 | 3,20,97,900 | 3,20,97,900 | 0 | 100% |

മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, തനത് ഫണ്ട് അക്കൗണ്ടുകൾ എന്നിവ സംബന്ധിച്ച് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് (₹) | വരവ്(₹) | ആകെ(₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| സാക്ഷരത | 59,851 | 2,423 | 62,274 | 0 | 62,274 |
| ദുരിതാശ്വാസനിധി | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | _ | 1,71,15,772 | 1,71,15,772 | 1,71,15,772 | .... |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1,03,944 | 5,40,375 | 6,44,319 | 5,83,343 | 60,976 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 0 | 0 | 0 | 0 | 0 |
| | SSA | 0 | 14,07,450 | 14,07,450 | 14,07,450 | 0 |
| | ICDS | 8,06,863 | 5,92,845 | 13,99,708 | 5,06,618 | 8,93,090 |
| | NPRPD | 4,60,000 | 0 | 4,60,000 | 4,34,000 | 26,000 |
| | PYCKA | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | തൊഴിൽരഹിത വേതനം | 0 | 4,680 | 4,680 | 4,680 | 0 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 1,20,000 | 1,20,000 | 1,20,000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 75,02,024 | 84,77,790 | 1,59,79,814 | 1,01,08,157 | 58,71,657 |
| | ട്രഷറി അക്കൗണ്ട് ജനറൽ പർപ്പസ്സ് ഗ്രാന്റ് ഉൾപ്പടെ | 46,10,480 | 69,70,000 | 1,15,80,480 | 1,08,68,210 | 7,12,270 |
| മറ്റിനം | പെയിൻ& പാലിയേറ്റിവ് കെയർ | 0 | 1,00,000 | 1,00,000 | 1,00,000 | 0 |
| | ഗുണഭോക്തൃവിഹിതം | 73,680 | 1,30,775 | 2,04,455 | 1,95,105 | 9,350 |

## 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി.09.01.2017– ലെ ജി.ഒ.(എം.എസ്.)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.01.2017 ലെ 01/17 നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ ഭരണസമിതി നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട് വിലയിരുത്തലുകൾ നടത്താറുണ്ട്. സദ്ഭരണം,വാർഷിക പദ്ധതി രൂപീകരണം എന്നിവയെക്കുറിച്ചും ചർച്ചകൾ നടത്തിയിട്ടുണ്ട്. പദ്ധതി രൂപീകരണം,പദ്ധതി നിർവ്വഹണം, എന്നി വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്.ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി,ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ആരോഗ്യ-വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്

വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 15 |
| 2 | വികസനം | 17 |
| 3 | ക്ഷേമകാര്യം | 18 |
| 4 | ആരോഗ്യം , വിദ്യാഭ്യാസം | 15 |

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്.പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.കഴിഞ്ഞ ഇരുപത് വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ വേണം പ്രൊജക്റ്റുകൾ തയ്യാറാക്കേണ്ടത് എന്നത് വർക്കിങ്ങ് ഗ്രൂപ്പ് കൃത്യമായി പരിശോധിച്ചിരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ,ജനസേവനം കാര്യക്ഷമമാക്കൽ | 2 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 2 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 2 |

| | | |
|---|---|---|
| 4 | പൊതുമരാമത്ത് | 1 |
| 5 | സാമൂഹ്യക്ഷേമം | 2 |
| 6 | പട്ടിക ജാതി വികസനം | 3 |
| 7 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 2 |
| 8 | ആരോഗ്യം | 2 |
| 9 | കുടിവെള്ളം ശുചിത്വം | 1 |
| 10 | വിദ്യാഭ്യാസം സംസ്കാരം,കല കായിക യുവജനക്ഷേമം | 2 |
| 11 | ചെറുകിട വ്യവസായം | 2 |
| 12 | പട്ടിക വർഗ്ഗ വികസനം | 3 |
| 13 | ഊർജ്ജം | 2 |
| 14 | ദാരിദ്ര്യ ലഘൂകരണം | 3 |

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ എസ് നം 72/2017 ത.സ്വ.ഭ.വ. തീയതി 29/3/2017 & എം.എസ്.നം. 10/2017 ത.സ്വ.ഭ.വ. തീയതി 09/01/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും ,വർക്കിംഗ് ഗ്രൂപ്പുകളും 22-01-2017 ന് രൂപീകരിച്ചിട്ടുണ്ട് .ആസൂത്രണ സമിതിയിൽ 12 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് 25.02.2017ന് യോഗം ചേരുകയുണ്ടായി.പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

വികസനരേഖ തയ്യാറാക്കൽ

മാർഗ്ഗരേഖ 09-01-2017 ലെ ജി. ഒ. (എം. എസ്.) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്.

വികസന സെമിനാർ -

25-05-2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 181 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം -

2017-18 വാർഷീക പദ്ധതികൾ 15-05-2017ന് മുൻപ് അംഗീകാരം നേടി 01/04/2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 27.05.2017 നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 1(1)/2017)

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

2017-18 സാമ്പത്തിക വർഷം ആകെ 213പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 116 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 54.46 %

മാത്രമാണ് നടപ്പിലാക്കിയത്.

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 213 | 116 | ₹4,00,49,195 | 55 | 42 | 54.46% |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം

ഇല്ല

മോണിറ്ററിങ്ങ്

പ്രോജക്റ്റുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്റ്റ് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹1,03,944 | ₹5,40,375 | ₹6,44,319 | ₹5,83,343 | ₹60,976 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | ₹1,71,15,772 | ₹1,71,15,772 | ₹1,71,15,772 | 0 |
| ആകെ | ₹1,03,944 | ₹1,76,56,147 | ₹1,77,60,091 | ₹1,76,99,115 | ₹60976 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2017-18 | തൊഴിൽ രഹിത വേതനം | 4,680 | 8 |
| | കർഷകതൊഴിലാളി പെൻഷൻ | 9,03,800 | 75 |
| | വിധവാ പെൻഷൻ | 91,80,500 | 767 |
| | വാർദ്ധക്യകാല പെൻഷൻ | 1,83,89,600 | 1344 |
| | വികലാംഗ പെൻഷൻ | 32,89,600 | 267 |
| | അവിവാഹിത പെൻഷൻ | 3,34,400 | 28 |
| | വിവാഹ ധനസഹായം | 1,20,000 | 4 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-12-2018 തീയതിയിൽ 3.30pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് ബാലൻസായ 12,501/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

(1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(2) മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാ:- ഓരോ ദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(3) ഫ്രണ്ട് ഓഫീസ് സംവിധാനം- പി.ആർ. എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ല. ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തിസൂക്ഷിക്കേണ്ടതാണ്.

(4) പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ- പരാതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ, കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല.

(5) ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ ചേരുന്നില്ല. ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

(6) ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

(7) ആസ്തികളുടെ പരിപാലനം-പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ്.

ആയതിൻെറ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറൻെറിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. നിലവിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(8) മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻ്റിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

## 1-11 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | --- | ---വിവരം ലഭ്യമല്ല--- | ---- |
| പെർഫോമെൻസ് ഓഡിറ്റ് | 10.09.2018 | 6/2018 മുതൽ 7/2018വരെ | 15.10.2018 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇല്ല

..

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ - 30/18

അടങ്കൽ - 3,36,000/- രൂപ (എസ്.സി.പി, ടി.എസ്.പി -1,68,000x2)

1)ബിൽ നമ്പർ-18/17-18/16.03.2018 - 1,68,000/- രൂപ.

2)ബിൽ നമ്പർ-19/17-18/16.03.2018 - 1,68,000/- രൂപ.

കള്ളാർ ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കുടിവെള്ള ടാങ്ക് വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 500 ലിറ്റർ കപ്പാസിറ്റിയുള്ള പി.വി.സി. ടാങ്ക് ആണ്

വാങ്ങിക്കുന്നത്. ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും ആകെ ലഭിച്ച 2 ടെണ്ടറുകളിൽ നിന്ന് കുറഞ്ഞ തുക ക്വാട്ട് ചെയ്ത സെൽസർ പോളിമേഴ്സ്, അയ്യൻകുന്ന്, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ 500 ലിറ്റർ കറുപ്പ് നിറത്തിലുള്ള ടാങ്ക് ഒന്നിന് 1,570/- രൂപ എന്ന വില 06.12.2017 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം.3, 27.12.2018 ലെ ഭരണസമിതി തീരുമാനം നം.2/1(ഡി) എന്നിവ പ്രകാരം അംഗീകരിക്കുകയും ചെയ്തു. എന്നാൽ സപ്ലൈ ഓർഡർ നൽകി പർച്ചേസ് നടത്തിയിട്ടില്ല.

പിന്നീട് 29.12.17 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം.1 പ്രകാരം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ കറുപ്പ് ടാങ്ക് വാങ്ങിക്കേണ്ട എന്ന് തീരുമാനിക്കുകയും വെള്ള നിറത്തിൽ 3 ലെയർ ഉള്ള ടാങ്ക് വാങ്ങിക്കാൻ തീരുമാനിക്കുകയും ചെയ്തു. ടെണ്ടർ സമർപ്പിച്ച രണ്ട് സ്ഥാപനങ്ങളിൽ നിന്ന് വെള്ള നിറത്തിൽ 3 ലെയർ ഉള്ള ടാങ്കിന് വില ആവശ്യപ്പെടാനും 27.12.2018 ലെ ഭരണസമിതി തീരുമാനം പുന:പ്പരിശോധിക്കുന്നതിനും തീരുമാനിച്ചുവെന്നും തീരുമാനം എഴുതിയിട്ടുണ്ട്.

18.01.2018ലെ ഭരണസമിതി തീരുമാനം നം.3 പ്രകാരം വെള്ള നിറം 3 ലെയർ ഉള്ള ടാങ്കിന് വില സപ്ലൈയറോട് ആവശ്യപ്പെടാനും വില അറിയിക്കുന്ന മുറക്ക് സപ്ലൈ ഓർഡർ നൽകി ടാങ്ക് ലഭ്യമാക്കി തുക അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

സെൽസർ പോളിമേഴ്സ്, അയ്യൻകുന്ന്, തൃശ്ശൂർ എന്ന സ്ഥാപനം ഇൻവോയ്സ് നം.5566,5567,5568 , തിയ്യതി 04.02.2018 പ്രാകാരം ആകെ 140 ടാങ്കുകൾ വിതരണം ചെയ്യുകയും മേൽ സൂചിപ്പിച്ച 2 ബില്ലുകൾ പ്രകാരം ആകെ 3,36,000/- രൂപ അവർക്ക് നൽകുകയും ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഈ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1)ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും ആകെ ലഭിച്ച 2 ടെണ്ടറുകളിൽ നിന്ന് കുറഞ്ഞ തുക ക്വാട്ട് ചെയ്ത സെൽസർ പോളിമേഴ്സ്, അയ്യൻകുന്ന്, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ 500 ലിറ്റർ കറുപ്പ് നിറത്തിലുള്ള ടാങ്ക് ഒന്നിന് 1570/- രൂപ എന്ന വില 06.12.2017 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം.3, 27.12.2018 ലെ ഭരണസമിതി തീരുമാനം നം.2/1(ഡി) എന്നിവ പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനം 29.12.2017 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരം തള്ളുകയും വെള്ള നിറത്തിൽ 3 ലെയർ ഉള്ള ടാങ്ക് വാങ്ങിക്കാൻ തീരുമാനിക്കുകയും ചെയ്തു. കൂടാതെ ഭരണസമിതി തീരുമാനം പുന:പ്പരിശോധിക്കാൻ തീരുമാനിച്ചു എന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ഉണ്ട്.

ഭരണമസമിതി തീരുമാനം തള്ളാനും പുന:പ്പരിശോധിക്കാനും പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് അധികാരം ഇല്ലാതിരിക്കെ ഇങ്ങനെയൊരു തീരുമാനം മിനിട്സിൽ രേഖപ്പെടുത്തി പർച്ചേസ് നടത്തിയത് ശരിയായ നടപടി അല്ല.

2)ആദ്യ ടെണ്ടർ അംഗീകരിച്ചതിന് ശേഷം പർച്ചേസ് നടത്താതെ വില കൂടിയതും ഗുണമേന്മ കൂടിയതുമായ ടാങ്ക് വാങ്ങിക്കുന്നുവെങ്കിൽ ആദ്യ ടെണ്ടർ ക്യാൻസൽ ചെയ്ത് വീണ്ടും ടെണ്ടർ വിളിച്ചിട്ടാണ് പർച്ചേസ് നടത്തേണ്ടത്. അങ്ങനെ ചെയ്യാതെ മുൻപ് ടെണ്ടർ അംഗീകരിച്ച സെൽസർ പോളിമേഴ്സ്, അയ്യൻകുന്ന്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് 2,400/- രൂപ പ്രകാരമുള്ള വില കൂടിയ ടാങ്ക് പർച്ചേസ് നടത്തുകയാണ് ചെയ്തത്.

3)18.1.18 ലെ ഭരണസമിതി തീരുമാനം നം.1 പ്രകാരം വെള്ള നിറത്തിൽ 3 ലെയർ ഉള്ള ടാങ്കിന്റെ വില സപ്ലൈയറോട് ആരായാനും വില അറിയിക്കുന്ന മുറക്ക് പർച്ചേസ് നടത്താനും നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. പക്ഷെ മുൻ തീരുമാനം തള്ളിയതായോ, പുന:പ്പരിശോധിക്കുന്നതായോ തീരുമാനം എടുത്തിട്ടില്ല. 500 ലിറ്റർ കറുപ്പ് നിറത്തിലുള്ള ടാങ്ക് ഒന്നിന് 1,570/- രൂപ എന്ന ഒരു തീരുമാനം നിലനിൽക്കെ അത് റദ്ദാക്കാതെ കൂടിയ വിലയായ 2,400/- രൂപയ്ക്ക് ടാങ്ക് പർച്ചേസ് നടത്തി, ഈ വില ഭരണമസിതി അംഗീകരിച്ചിട്ടില്ല.

4)സെൽസർ പോളിമേഴ്സ്, അയ്യൻകുന്ന്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയ സപ്ലൈ ഓർഡർ, സ്ഥാപനത്തിന് തുക നൽകിയത്, കൈപ്പറ്റ് വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

5)സെൽസർ പോളിമേഴ്സ്, അയ്യൻകുന്ന്, തൃശ്ശൂർ എന്ന സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് നം.5566,5567,5568 , തിയ്യതി 04.02.2018 എന്നീ 3 ഇൻവോയ്സുകൾ പ്രകാരം ആകെ 140 ടാങ്കുകളും കൂടെ 2,000ലിറ്റർ ശേഷിയുള്ള ഒരു ടാങ്കും വിതരണം ചെയ്തതായി കാണിച്ച് ആകെ 3,45,600/-രൂപയുടെ ബില്ലാണ് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ 9,600/- രൂപ 2,000ലിറ്റർ ടാങ്കിന്റെ വിലയാണ്. പർച്ചേസ് നടത്തിയ 140 ടാങ്കുകളുടെ മാത്രം ബില്ല് ഹാജരാക്കേണ്ടതാണ്. 2,000ലിറ്റർ ടാങ്ക് ആർക്ക് വേണ്ടി വാങ്ങി എന്ന് വിശദീകരിക്കേണ്ടതാണ്.

6)ടാങ്കുകൾ വിതരണം ചെയ്തത്, അപേക്ഷകൾ അനുബന്ധരേഖകൾ എന്നിവ പരിശോധന നടത്തിയപ്പോൾ ആകെ 140 ടാങ്കുകളിൽ 134 ടാങ്കുകൾ മാത്രമെ വിതരണം ചെയ്തിട്ടുള്ളൂ, ബാക്കി 6 ടാങ്കുകൾ എവിടെ എന്ന് വിശദീകരിക്കേണ്ടതാണ്. ഈ പദ്ധതിയുടെ ഊരുകൂട്ടം അംഗീകരിച്ച ഗുണഭോക്തൃപട്ടിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അപേക്ഷകൾ പരിശോധന നടത്തിയപ്പോൾ സ്കീം രജിസ്റ്റർ ക്രമ നം.126.127 എന്നിവ പ്രകാരമുള്ള ജാനകി രാമചന്ദ്രൻ, കണ്ണൻ.പി.കെ എന്നീ 2 ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ താഴെപ്പറയുന്ന അപേക്ഷകരുടെ ജാതി തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | സ്കീം രജിസ്റ്റർ ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് |
|---|---|---|
| 1 | 4 | രാഘവൻ, s/o. മാലിങ്ക നായിക്ക് ,കനീലടുക്കം ഹൗസ്, കള്ളാർ |
| 2 | 27 | സോബിറ്റ് ജോർജ്ജ് s/o. എ.ഡി.ജോർജ്ജ് അരീങ്കൽ ഹൗസ്, മാലക്കല്ല് |
| 3 | 36 | മാധവൻ മുരുണ, എരുമപ്പള്ളം, പടിമരുത് |
| 4 | 41 | ബാലൻ,s/o. മുന്തൻ, നാണംകുടൽ, കൊട്ടോടി |
| 5 | 54 | കെ.കെ.ബൈരുനായിക്ക് ,s/o കാർഡു നായിക്ക്,കരിപ്പാട്, മാലക്കല്ല് |
| 6 | 70 | ഒ.എം.മുന്തൻ,s/o. മുരുണ, ഒക്ലാവിൽ ഹൗസ്, കള്ളാർ |
| 7 | 71 | പാറ്റമണാട്ടിക്കുണ്ട്, കോളിച്ചാൽ(റേഷൻ കാർഡ്, ആധാർ കാർഡ് പേര് വാച്ച പാറു, പാച്ച) |
| 8 | 113 | ലക്ഷ്മി കോരൻ ,കരിന്ത്രംകല്ല്, രാജപുരം |
| 9 | 115 | ശങ്കരൻ.കെ.വി,s/o. ചെല്ലൻ ,അരക്കംകാട് ഹൗസ്. കള്ളാർ |
| 10 | 122 | നാരായണി, w/o. കുഞ്ഞിക്കണ്ണൻ കാഞ്ഞിരത്തടി ഹൗസ്, കൊട്ടോടി |
| 11 | 125 | നാരായണൻ.പി.ടി, s/o. വലിയ |

| | | |
|---|---|---|
| | | തേറ്,പൂക്കുന്നം, മാലക്കല്ല് |

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ - 02/31.12.2018 പ്രകാരം അസി.സെക്രട്ടറിയെ അറിയച്ചതിന് 05.01.2019 ൽ മറുപടി നൽകിയിട്ടുണ്ട്. പ്രൊജക്ടിൽ ഒരു ടാങ്കിന് 4,000/- രൂപയാണ് വകയിരുത്തിയത്, 1,570/- രൂപ കുറഞ്ഞ വിലയായതിനാലാണ് വില കൂടിയ ടാങ്ക് വാങ്ങിച്ചത്. ഭരണസമിതിയോട് പ്രൊക്യൂർമെന്റ് കമ്മിറ്റി അഭ്യർത്ഥിക്കുകയാണ് ചെയ്തത് തീരുമാനം എഴുതുന്നതിൽ പിഴവ് വന്നതാണ് ഭരണസമിതി തീരുമാനം പുനഃപ്പരിശോധിക്കാൻ തീരുമാനിച്ച എന്നത്. പ്രൊജക്ടിൽ ഒരു ടാങ്കിന് 4,000/- രൂപയാണ് വകയിരുത്തിയതിനാൽ 2,400/- രൂപ എന്ന വില കുറഞ്ഞ വിലയാണ് അതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. 2,000 ലിറ്റർ ടാങ്ക് ഗ്രാമപഞ്ചായത്ത് പർച്ചേസ് നടത്തിയിട്ടില്ല, അതിന്റെ തുക നൽകിയിട്ടുമില്ല. ആകെ 135 ടാങ്കുകൾ വിതരണം ചെയ്തിട്ടുണ്ട്, ബാക്കി 5 ടാങ്കുകൾ മാലക്കല്ല് കുടുംബശ്രീ വിപണന കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ജാനകി രാമചന്ദ്രൻ, കണ്ണൻ.പി.കെ എന്നീ 2 ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും ഓഫീസിൽ നിന്നും നഷ്ടപ്പെട്ടു, ആയതിന്റെ പകർപ്പ് ഹാജരാക്കുന്നതാണ്, ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുടെ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കുന്നതാണ്. ഇത്രയും കാര്യങ്ങളാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്.

പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഈ പർച്ചേസ് നടത്തിയത് .ആദ്യ ടെണ്ടർ പ്രകാരം ഭരണസമിതി അംഗീകരിച്ച വില ഒഴിവാക്കി കൂടിയ വിലക്ക് പർച്ചേസ് നടത്തുമ്പോൾ ആദ്യടെണ്ടർ ക്യാൻസൽ ചെയ്ത് റീടെണ്ടർ നടത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. 2,000 ലിറ്റർ ടാങ്ക് ഗ്രാമപഞ്ചായത്ത് പർച്ചേസ് നടത്തിയിട്ടില്ല, അതിന്റെ തുക നൽകിയിട്ടുമില്ല എന്ന മറുപടി അംഗീകരിക്കുന്നില്ല കാരണം ഇൻവോയ്സിൽ 2,000 ലിറ്റർ ടാങ്ക് കൂടി ഉൾപ്പെട്ടിട്ടുണ്ട്. അതിനാൽ 140 ടാങ്കുകളുടെ മാത്രം ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്. സ്വകാര്യവ്യക്തിക്ക് കൂടി ഗ്രാമപഞ്ചായത്ത് ചെലവിൽ ടാങ്ക് എത്തിക്കുകയാണ് യഥാർത്ഥത്തിൽ നടന്നത്. ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്. രജിസ്റ്റർ പരിശോധനയിൽ ആകെ 134 ടാങ്കുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്, ബാക്കി 6 ടാങ്കുകൾ എവിടെ എന്നതിന് ആകെ 135 ടാങ്കുകൾ വിതരണം ചെയ്തിട്ടുണ്ട്, ബാക്കി 5 ടാങ്കുകൾ മാലക്കല്ല് കുടുംബശ്രീ വിപണന കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ അവിടെ പരിശോധന നടത്തിയപ്പോൾ ആകെ 7 ടാങ്കുകൾ അവിടെ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ നിന്നും വിതരണം ചെയ്തത് കൃത്രിമ രേഖകൾ ചമച്ചാണ് എന്നാണ് വ്യക്തമാവുന്നത്. അതിനാൽ ഇക്കാര്യത്തിൽ കൃത്യമായ അന്വേഷണം ഭരണസമിതി നടത്തി വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2 ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും ഓഫീസിൽ നിന്നും നഷ്ടപ്പെട്ടു എന്നത് ഗുരുതരമായ കൃത്യവിലോപമാണ് കാണിക്കുന്നത്. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ ഭരണസമിതി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത 11 ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അപാകതകൾക്ക് നൽകിയ മറുപടി പൂർണ്ണമായും തൃപ്തികരമല്ലാത്തതിനാലും, രേഖകൾ ഹാജരാക്കാൻ ബാക്കിയുള്ളതിനാലും ചെലവ് തുക 3,36,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് പഠനമുറി പദ്ധതി - നിർമ്മാണം തുടങ്ങിയിട്ടില്ല.

പ്രൊജക്ട് നമ്പർ - 3/18

2016-17 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി പൂർണ്ണമാവാത്തതിനാൽ സ്പിൽ ഓവർ പ്രൊജക്ട് ആയി 2017-18 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രൊജക്ട് നമ്പർ 3/18) കള്ളാർ ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ 1,00,000/- രൂപ വരെ നൽകുന്നതിനാണ് ഈ പദ്ധതി. ആകെ 15 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം തുക അനുവദിച്ചത്. ഇതിൽ ഒന്നാം ഗഡുവായി 2016-17 വർഷത്തിൽ 15 ഗുണഭോക്താക്കൾക്കും കരാർ ഒപ്പിട്ടതിന് ശേഷം 50,000/- രൂപ വീതം അനുവദിച്ചു. ഈ 15 ഗുണഭോക്താക്കളിൽ 14 പേരും 2017-18 വർഷത്തിൽ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചു. താഴെപ്പറയുന്ന 1 ഗുണഭോക്താവ് നാളിതുവരെയായി പഠനമുറി നിർമ്മാണം തുടങ്ങിയിട്ടില്ല എന്നാണ് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിരിക്കുന്നത്.

ശ്രീമതി. ഭാർഗ്ഗവി.കെ.

w/o. അമ്പു, മണിയറ വീട്ടിൽ

ഓട്ടക്കട്ട, പടിമരുത്(പി.ഒ.)

2016-17 വർഷത്തിലെ പദ്ധതി പ്രകാരം ഇവരുടെ മകൾ കോടോത്ത് ഡോ.അംബേദ്കർ ജി.എച്ച്.എസ്.എസിൽ +1 വിദ്യാർത്ഥിനിയായ അഭിന.എ എന്ന കുട്ടിക്ക് പഠനമുറി നിർമ്മിക്കാനാണ് 50,000/- രൂപ ഇവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിഫ്റ്റ് പേമെന്റ് വഴി നൽകിയത്. അക്കൗണ്ട് നം.47022210003768, സിൻഡിക്കേറ്റ് ബാങ്ക്, ചുള്ളിക്കര. 04.01.2017 ൽ ഇവരുമായി കരാർ ഒപ്പിട്ടതിന് ശേഷമാണ് തുക കൈമാറിയത്.

നാളിതുവരെ ഈ ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഇവർക്ക് നൽകിയ 50,000/- രൂപ കരാർ പ്രകാരം തിരിച്ചു പിടിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാനായി ഓഡിറ്റ് എൻക്വയറി നം.03/04.01.2019 പ്രകാരം ആവശ്യപ്പെട്ടതിന് 05.01.2019ൽ മറുപടി നൽകിയിട്ടുണ്ട്. പഠനമുറി നിർമ്മാണത്തിൽ ഗുണഭോക്താവിന് താല്പര്യമില്ലെന്നും അതിനാൽ തുക തിരികെ ഒടുക്കാൻ 4.7.2018 ന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ അപാകതയാണ് ഇത് ചൂണ്ടിക്കാട്ടുന്നത്. ഭാവിയിൽ ആവശ്യകത മനസ്സിലാക്കി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തണം, ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. എത്രയും പെട്ടെന്ന് ഈ ഗുണഭോക്താവിന് നൽകിയ 50,000/- രൂപ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 പട്ടികവർഗ്ഗ വിഭാഗം ഭവനപുനരുദ്ധാരണ പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്ട് നമ്പർ - 4/17-18

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണം നടത്താൻ 2016-17 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി പൂർണ്ണമാവാത്തതിനാൽ സ്പിൽ ഓവർ പ്രൊജക്ട് ആയി 2017-18 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രൊജക്ട് നമ്പർ 04/17-18). കള്ളാർ ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണം നടത്താൻ 1,00,000/- രൂപ വരെ നൽകുന്നതിനാണ് ഈ പദ്ധതി. ആകെ 14 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം തുക അനുവദിച്ചത്. ഇതിൽ ഒന്നാം ഗഡുവായി 2016-17 വർഷത്തിൽ 14 ഗുണഭോക്താക്കൾക്കും കരാർ ഒപ്പിട്ടതിന് ശേഷം 50,000/- രൂപ വീതം അനുവദിച്ചു. ഈ 14 ഗുണഭോക്താക്കളിൽ 12 പേരും 2017-18 വർഷത്തിൽ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾ നാളിതുവരെയായി ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിരിക്കുന്നത്.

1)ലക്ഷ്മി, w/o. ഉണ്ണി, ജി.ആർ നിവാസ്, 18-ാം മൈൽ, കോളിച്ചാൽ.

2)ശാരദ, w/o. രാമൻ, 1-ാം മൈൽ, രാജപുരം

2016-17 വർഷത്തിൽ ലക്ഷ്മി എന്ന ഗുണഭോക്താവിന് 50,000/- രൂപ നിഫ്റ്റ് പേമെന്റ് ആയി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.18107575488, കേരളാ ഗ്രാമീൺ ബാങ്ക്, പനത്തടി ശാഖ. ശാരദ എന്ന ഗുണഭോക്താവിന് 50,000/- രൂപ നിഫ്റ്റ് പേമെന്റ് ആയി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.10800100193078, ഫെഡറൽ ബാങ്ക്, രാജപുരം ശാഖ.

ഈ 2 ഗുണഭോക്താക്കൾ നാളിതുവരെയായി ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കരാർ പ്രകാരം ഇവർക്ക് നൽകിയ ആകെ 1,00,000/-രൂപ തിരിച്ച് പിടിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാനായി ഓഡിറ്റ് എൻക്വയറി നം.04/04.01.2019 പ്രകാരം ആവശ്യപ്പെട്ടതിന് 05.01.2019ൽ മറുപടി നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാൻ ജനപ്രതിനിധികൾ മുഖേന സമ്മർദ്ദം ചെലുത്തുന്നുണ്ട് , തുക തിരികെ ഒടുക്കാൻ 04.07.2018 ന് നോട്ടീസ് നൽകിയിട്ടുണ്ട് എന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. 2019 മാർച്ച് മാസത്തിനകം ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാൻ ശ്രമങ്ങൾ നടത്താമെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിനാൽ എത്രയും പെട്ടെന്ന് ഈ ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകേണ്ടതും അല്ലാത്തപക്ഷം ഇവർക്ക് നൽകിയ ആകെ 1,00,000/-രൂപ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയിട്ടില്ല

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും, നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഇതു സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സർക്കുലർ നം. 472/ഐ.എ.1/2017/ത.സ്വ.ഭ.വ. തീയ്യതി 22.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. മേൽ സർക്കുലർ പ്രകാരം വിശദമായി തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതിരേഖ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 31.01.2018 ന് മുമ്പായി സമർപ്പിക്കേണ്ടതുമാണ്. എന്നാൽ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് കള്ളാർ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. കള്ളാർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്. തയ്യാറാക്കിയ അഗതിരഹിത കേരളം പദ്ധതിരേഖ അംഗീകരിച്ച് 15.09.2018ന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് സമർപ്പിച്ചിട്ടുണ്ട്. അതിനാൽ ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 കാർഷിക മേഖലയിലെ പദ്ധതി രൂപീകരണം,നിർവഹണം എന്നിവയിലെ പോരായ്മകൾ

പഞ്ചായത്തിലെ ജനങ്ങൾ ജീവനോപാധിയായി പ്രധാനമായും കാർഷികവൃത്തിയെയാണ് ആശ്രയിക്കുന്നത്. 2017-18 വർഷത്തിൽ കാർഷിക മേഖലയിൽ കൂടുതൽ വികസനോന്മുഖമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്നാണ് വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഇത്തരം പദ്ധതികളൊന്നും ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. ജനകീയാസൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന വളം, നടീൽ വസ്തുക്കൾ തുടങ്ങിയവയുടെ വിതരണം, കൂലി ചെലവ് നല്കൽ തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇത് മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്നില്ല. ജി.ഒ. (എം.എസ്.) 72/17/ ത.സ്വ.ഭ.വ. തിയ്യതി 09-03-2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗ രേഖ പ്രകാരം കാർഷിക മേഖലയിൽ മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി

സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോൽസാഹിപ്പിക്കേണ്ടതായിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക ഔഷധ സസ്യ നഴ്സറി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിയ്ക്കേണ്ടതായുണ്ട്. കാർഷികമേഖലയിലെ ഇടപെടലുകൾ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യണമെന്നാണ് മേലെ സൂചിപ്പിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ മേഖലയ്ക്ക് ആവശ്യമായ പ്രാധാന്യം നല്കി, പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നില്ല. ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.

<u>പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.</u>

എ) നെൽകൃഷി വികസനം(75/18), പച്ചക്കറികൃഷിക്ക് കൂലിചെലവ് നൽകൽ (111/18) തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിൽ ജി.ഒ. (എം.എസ്.) 80/2017 ത.സ്വ.ഭ.വ. തിയ്യതി 03-04-2017 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 8.1.5 & 8.1.6 എന്നിവയിൽ പരാമർശിച്ചിട്ടുള്ളതും താഴെ ചേർത്തിട്ടുള്ളതുമായ നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല.

1) ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരുന്നില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല.

3) നെൽ കൃഷി -വിള ഇൻഷ്വറൻസ് തുക കർഷകർ മുൻകൂറായി ഒടുക്കണം എന്ന നിർദ്ദേശം പാലിച്ചത് സംബന്ധിച്ച് രേഖകൾ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ബി) സമഗ്ര തെങ്ങ് കൃഷി വികസനം(68/18), സമഗ്ര കമുക് കൃഷി വികസനം(72/18), കുമ്മായം,ഡോളമൈറ്റ് വിതരണം(110/18) തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിൽ ജി.ഒ.(എം.എസ്.) 80/2017 തസ്വഭവ തിയ്യതി 03-04-2017 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിൽ പരാമർശിച്ചിട്ടുള്ളതും താഴെ ചേർത്തിട്ടുള്ളതുമായ നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല.

1) കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ,സ്വാശ്രയ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർ നേരിട്ട് ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ ഗുണനിലവാരം ഉറപ്പാക്കി കൃഷി ഓഫീസറുടെ നേതൃത്വത്തിലുള്ള പർച്ചേസിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വാങ്ങി കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ് എന്ന നിർദ്ദേശത്തിന്റെ സാധ്യത പരിശോധിച്ച് കാണുന്നില്ല. കർഷകർ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വളം വാങ്ങിയ ബില്ല് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡി തുക കർഷകർക്ക് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

2) കർഷകർ വാങ്ങിയ വളത്തിന്റെ ഗുണനിലവാരം, ബന്ധപ്പെട്ട വിളയ്ക്ക് അനുയോജ്യമാണോ, കൃഷിവകുപ്പ് അംഗീകൃതമാണോ, തുടങ്ങിയ വസ്തുതകൾ പരിശോധിച്ച് ഉറപ്പുവരുത്തിക്കാണുന്നില്ല.

3) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സ്ഥല പരിശോധന റിപ്പോർട്ട് ഇല്ല.

സി) കർഷകർ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും (പനത്തടി, SCB, കുറ്റിക്കോൽ, SCB എന്നിവയുടെ സൊസൈറ്റികൾ, KDCRMS,കോളിച്ചാൽ ഫെർട്ടിലൈസേഴ്സ്,O.M Steel & Cements) നേരിട്ട് വളം വാങ്ങിയ

ബില്ലുകളിൽ GST യുടെ വിശദാംശങ്ങളില്ല. അതിനാൽ ഈയിനത്തിൽ എത്ര തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ലഭിച്ചുവെന്നതിന്റെയോ, എത്ര തുക ബന്ധപ്പെട്ട വകുപ്പിൽ അടച്ചു എന്നതിന്റെയോ വിശദാംശങ്ങളില്ല.(അപേക്ഷയോടൊപ്പമുള്ള ബില്ലുകൾ പ്രകാരം 2017 സെപ്റ്റംബർ മാസത്തിനു ശേഷമാണ് വളം വാങ്ങിയിട്ടുള്ളത്.)

ഇക്കാര്യങ്ങൾ പരിശോധിച്ച്, അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും, തുടർ വർഷങ്ങളിലെ പദ്ധതിനടത്തിപ്പിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-6 വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്.റ്റി.) -പദ്ധതി സംബന്ധിച്ച്

നിർവഹണം - ഐ.സി.ഡി.എസ്, സൂപ്പർവൈസർ, പദ്ധതി നം. - 26/18

ബിൽ നം - 27/17-18 , തുക - ₹ 5,90,850/- , ഫണ്ട് - വികസന ഫണ്ട്(എസ്.സി.പി.)

വയോജനങ്ങൾക്ക് കട്ടിൽ (എസ്.റ്റി) എന്ന പദ്ധതിക്കായി ₹ 8,09,750/-രൂപയും (എസ്.സി.പി. ഫണ്ട്), ₹ 1,75,000/- രൂപയും(റ്റി.എസ്.പി. ഫണ്ട്) കൂടി ആകെ ₹ 9,84,750/- രൂപയാണ് വകയിരുത്തിയത്. 250 പേർക്ക് കട്ടിൽ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. മെയിൻ ലിസ്റ്റിൽ 250 ഗുണഭോക്താക്കളും, സപ്ലിമെന്ററി ലിസ്റ്റിൽ 11 ഗുണഭോക്താക്കളുമാണ് ഉൾപ്പെട്ടിട്ടുള്ളത്.

ഇ-ടെണ്ടർ നടപടി ക്രമങ്ങളിലൂടെ രാജധാനി ഏജൻസീസ്,ചെർപ്പുളശ്ശേരി, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിക്കപ്പെട്ടത്. ഒരു കട്ടിലിന് ₹ 3,939/- നിരക്കിലാണ് ടെണ്ടർ അംഗീകരിച്ചത്. 2017-18 വർഷത്തിൽ ₹ 5,90,850/- (എസ്.സി.പി. ഫണ്ട്) രൂപയുടെ ചെലവാണുണ്ടായത്. ഇത് പ്രകാരം 150 കട്ടിലുകളാണ് വിതരണക്കാരൻ നൽകിയത്. ബാക്കി തുകക്കുള്ള ഫണ്ടിന്റെ അപര്യാപ്തത കാരണം 2018-19 വർഷത്തിലാണ്(05.06.18) കട്ടിലുകളും അനുവദിച്ചത്.

വിതരണത്തിനായി കൊണ്ടുവന്ന കട്ടിലുകളിൽ, 15 എണ്ണം, ഗുണഭോക്താക്കളുടെ പരാതി പ്രകാരം മാറ്റി നൽകുന്നതിന് വിതരണക്കാർ സമ്മതിച്ചിട്ടുള്ളതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കൂടാതെ നാളിതുവരെയായി(02.01.2019), 226 കട്ടിലുകളുടെ വിതരണമേ പൂർത്തിയായിട്ടുള്ളൂ. അവശേഷിക്കുന്ന കട്ടിലുകൾ (24), മാലക്കല്ലുള്ള കുടുംബശ്രീയുടെ കെട്ടിടത്തിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നാണ് സൂപ്പർവൈസർ അറിയിച്ചത്. കട്ടിലുകളുടെ വിതരണം എത്രയും വേഗം പൂർത്തീകരിച്ച്, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പദ്ധതി പൂർത്തീകരണത്തിലെ താമസം, ഗുണഭോക്താക്കളുടെ താൽപര്യക്കുറവിനെയും, ഉൽപന്നത്തിന്റെ ഗുണമേന്മക്കുറവിനെയുമാണ് പ്രതിഫലിപ്പിക്കുന്നത്. പദ്ധതിപ്പണം എളുപ്പത്തിൽ ചെലവഴിക്കുന്നതിനുള്ള ഒരു മാർഗ്ഗമായാണോ, ഈ പദ്ധതിയെ കണ്ടത് എന്ന വസ്തുത ഒരു പുനർ വിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

## 3-7 അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകിയത്

കുടുംബശ്രീ സ്ഥാപനമായ UJUS അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് ,ഒഴിഞ്ഞവളപ്പ്, നീലേശ്വരം എന്ന സ്ഥാപനത്തിൽ നിന്നുമാണ് അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. G.O.(M.S.)No. 1450/2018 L.S.G.D, dtd: 25.05.2018 ഉത്തരവ് പ്രകാരം 01.11.2017 മുതൽ അമൃതം ന്യൂട്രിമിക്സിന്റെ ജി.എസ്.ടി. 5% ആക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ

2017-18 കാലയളവിൽ വിതരണം ചെയ്ത ന്യൂട്രിമിക്സിന് കൂടിയ നിരക്കിൽ ജി.എസ്.ടി. നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ന്യൂട്രിമിക്സിന്റെ അളവ്,ബിൽ നം | ന്യൂട്രിമിക്സിന്റെ വില (₹) | അനുവദിച്ച GST (₹) | GST @ 5% (₹) | അധികമനുവദിച്ച GST (₹) |
|---|---|---|---|---|---|
| 1 | 1000 kg ; 02 | 70,000 | 12,600 | 3,500 | 9,100 |
| 2 | 1210 kg ; 06 | 84,700 | 15,246 | 4,235 | 11,011 |
| 3 | 1000 kg ; 11 | 70,000 | 7,000 | 3,500 | 3,500 |
| ആകെ | | | | | 23,611 |

അതിനാൽ, ജി.എസ്.ടി. ഇനത്തിൽ അധികം ഈടാക്കിയ തുക (₹ 23,611/-), തുടർന്ന് വരുന്ന ബില്ലുകളിൽ നിന്നും ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 3-8 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കൃത്യമായ പ്രവർത്തനം നടക്കുന്നില്ല- കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ -2010 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.1.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007/ത.സ്വ.ഭ.വ. തീയതി 14.3.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്.

ആയുർവേദ മെഡിക്കൽ ഓഫീസർ, ഹോമിയോ മെഡിക്കൽ ഓഫിസർ എന്നിവർ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. മെഡിക്കൽ ഓഫിസർ സി.എച്ച്.സി (പൂടംകല്ല്,പരപ്പ ബ്ലോക്ക്) കുറെ വർഷങ്ങളായി ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്. എം.സികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

ജി.ഒ. (എം.എസ്.) 72/17/ തസ്വഭവ തിയ്യതി 09-03-2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗ രേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ പ്രോജക്ടുകൾ 'ആർദ്രം' മിഷനുമായി

സമന്വയിപ്പിച്ച് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സ്കൂൾ ആരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

കള്ളാർ ഗ്രാമ പഞ്ചായത്തിലെ 21 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ഉജസ് (UJUS) അമൃതം ഫുഡ് യൂണിറ്റ് ഒഴിഞ്ഞവളപ്പ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 7,855 kg ന്യൂട്രിമിക്സ് വാങ്ങിയതിന് 5,91,294/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ വാർഷിക പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതത്തിന്റെ ഗുണനിലവാരം മേൽ പറഞ്ഞ ഉത്തരവിൽ നിർദ്ദേശിക്കുന്ന കാലയളവിനുള്ളിൽ തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-10 അങ്കണവാടികൾ - അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച്

കള്ളാർ ഗ്രാമ പഞ്ചായത്തിൽ ആകെ 21അംഗൻവാടികളാണുള്ളത്. ഇവയിൽ 21 എണ്ണത്തിനും സ്വന്തമായി കെട്ടിടമുണ്ട്. സ്വന്തമായി കുടിവെള്ള സൗകര്യം 8 അംഗൻവാടികൾക്കില്ല. എല്ലാത്തിനും ടോയ്ലറ്റ് സൗകര്യമുണ്ട്. 18 അങ്കണവാടികൾക്ക് മാത്രമെ ചുറ്റുമതിൽ ഉള്ളൂ. ഒരു അംഗൻവാടിക്കൊഴികെ എല്ലാത്തിനും സ്റ്റോർ സൗകര്യം ലഭ്യമാണ്.

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുക, അംഗൻവാടികളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുകയും പ്രവേശനോത്സവം സംഘടിപ്പിക്കുകയും ചെയ്യുക മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ നം.31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22.03.2011).മേൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. എന്നാൽ സെന്റർ നം 77, പേരട്ടക്കം അംഗൻവാടി അൺഫിറ്റായതിനാൽ നിലവിൽ ഇത് കൊട്ടോടി സ്കൂളിലാണ് പ്രവർത്തിച്ചു വരുന്നത് എന്ന് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടിയിൽ കുട്ടികളെ പഠിപ്പിക്കുന്നത് അപകടം വിളിച്ച് വരുത്തുന്നതിന് തുല്യമാണ്. അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 2017-18 | ₹3,94,000 | ₹3,94,467 | 1)പാലിയേറ്റീവ് കെയർ 2)മിൽക്ക് ഇൻസെന്റീവ് | ₹45,000 ₹2,94,000 | ₹55,467` |
| | | | | | 1)മിൽക്ക് ഇൻസെന്റീവ് | ₹1,23,800 | |
| | | | | | 2)നെൽകൃഷി കൂലിച്ചെലവ് | ₹85,000 | |
| 2 | ജില്ലാപഞ്ചായത്ത് | 2017-18 | ₹4,51,050 | ₹5,33,162 | 3)പച്ചക്കറി കൃഷി വികസനം | ₹1,19,000 | ₹82,112 |
| | | | | | 4)ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് | ₹1,23,250 | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി ഇനത്തിൽ , 2017-18 വർഷത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2,2.4 | 2016-17 | അദ്ധ്യായം 2 അനുബന്ധം4 | തൊഴിൽ നികുതി റിട്ടേൺ -അപാകത | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| അവലോകന റിപ്പോറ്ട്ട് | 3.4 | 2012-13 | 3.4.5.1,<br>3.4.5.2<br>3.4.5.3<br>3.4.5.4<br>3.4.5.5<br>3.4.5.8 | തൊഴിലുറപ്പ് പദ്ധതി | |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട | ഈടാക്കിയ | | | |

| | | | ഭരണ വകുപ്പ് | | | | (തീയതി) | തുക | തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2012-13 | 3-1 | ജയരാജ്. കെ.വി (വി.ഇ.ഒ.) | LF.8151/ spl.cell/ CSC/C2/14 Dt.09.03.2015 | ₹1,00,000 | 50,000 | - | - | - | 50,000 | ₹50,000 | ബാലൻസ് തുക 50,000/- രൂപ 2.3.18 ന് ഒടുക്കിയിട്ടുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 5,14,76,787 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 5,69,22,105 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3,59,611/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | ₹3,36,000/- | ശ്രീ.സനിൽകുമാർ.ജി, അസി. സെക്രട്ടറി |
| 3.8 | ₹23,611/- | ശ്രീമതി.ശരണ്യ വേണു, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-2003 | നം.എൽ.എഫ്.കെ.എസ്.ഡി.3 47/10 തിയതി 10-06-2010 | 4 |
| 2003-2004 | നം.എൽ.എഫ്.കെ.എസ്.ഡി. 3 /48/ 2010. തിയതി 04-06-2010 | 5 |
| 2004-2005 | നം.എൽ.എഫ്.കെ.എസ്.ഡി.3 /206/ 2010തിയതി19-03-2011 | 11 |
| 2005-2006 | നം.എൽ.എഫ്.കെ.എസ്.ഡി. 3/212/ 2010 തിയതി.31-03-2011 | 9 |
| 2006-2007 | നം.എൽ.എഫ്.കെ.എസ്.ഡി.3 /406/2012തിയതി.09-08-2012 | 13 |
| 2007-2008 | നം.എൽ.എഫ്.കെ.എസ്.ഡി.3 /407/2012തിയതി.09-08-2012 | 9 |
| 2008-09 & 2009-10 | നം.എൽ.എഫ്.കെ.എസ്.ഡി.3 /903/ 2012തിയതി.12-12-2012 | 10 |
| 2010-11 & 2011-12 | ന.എൽ..എഫ്. കെ.എസ്.ഡി. 7 /1323 /2014 തിയതി.06-03-2015 | 19 |
| 2012-13 & 2013-14 | ന.എൽ..എഫ്. കെ.എസ്.ഡി. 7 /270 /2015 തിയതി. 08-07-2015 | 11 |
| 2014-15 | ന.കെ.എസ്.എ. കെ.എസ്.ഡി.5 /806 /2016 തിയതി. 01-08-2016 | 16 |
| 2015-16 | ന.കെ.എസ്.എ. കെ.എസ്.ഡി.10 / 71 /2017 തിയതി.09.01.2017 | 05 |
| 2016-17 | ന.കെ.എസ്.എ. കെ.എസ്.ഡി.10 / 895/2017 തിയതി.7.8.2017 | 14 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കള്ളാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(3) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

തീയതി: 31.01..2019.

# അനുബന്ധം -2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kallar Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13021898.50 |
| Cash | Cash | RP-40(a) | 0.50 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1175350.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 290692.00 |
| 150000000 | Sale & Hire Charges | RP-5 | 97296.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 40261344.00 |
| 171000000 | Interest Earned | RP-9 | 334805.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5178139.00 |
| 350000000 | Other Liabilities | RP-36 | 77625.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2863.00 |
| 340000000 | Deposits Received | RP-34 | 28093.00 |
| 350000000 | Other Liabilities | RP-36 | 198985.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3746695.00 |
| 460000000 | Loans, Advances and Deposits | RP-47 | 83900.00 |

| | | | |
|---|---|---|---|
| | Grand total | | 64498686.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2656097.00 |
| 220000000 | Administrative Expenses | RP-12 | 1088521.00 |
| 230000000 | Operations & Maintenance | RP-13 | 519909.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4629695.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17701065.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 909881.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 590090.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 219680.00 |
| 255000000 | Maintenance Projects | RP-20 | 5452973.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 50410.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 98957.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 3759673.00 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 20100.00 |
| 350000000 | Other Liabilities | RP-36 | 1751668.00 |
| 410000000 | Fixed Assets | RP-38 | 3366321.00 |
| 412000000 | Capital work in Progress | RP-40 | 8156806.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5068269.00 |
| 460000000 | Loans, Advances and Deposits | RP-47 | 881990.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7576580.50 |
| Cash | Cash | RP-40(b) | 0.50 |
| | Grand Total | | 64498686.00 |

# അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Kallar Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3973435.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 216892.00 |
| 140000000 | Fee & User Charges | I-4(b) | 353092.00 |
| 150000000 | Sale & Hire Charges | I-5(b) | 97296.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 90457350.00 |
| 171000000 | Interest Earned | I-8 | 334805.00 |
| 180000000 | Other Income | I-9 | 2863.00 |
| | Total Income | | 95435733.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8089905.00 |
| 220000000 | Administrative Expenses | I-11(b) | 1108521.00 |
| 230000000 | Operations & Maintenance | I-12(b) | 519909.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5916512.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 33677020.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4313002.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 590090.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 32317580.00 |
| 255000000 | Maintenance Projects | I-14(e) | 5452973.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 50410.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 98957.00 |
| 272000000 | Depreciation | I-17(a) | 7144857.00 |
| | Total Expenditure | | 99279736.00 |
| | Gross Surplus/ Deficit of income over Expenditure | | -3844003.00 |
| 280000000 | Prior Period Item | I-18 | -106319.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3737684.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം -4

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Kallar Grama Panchayat<br>BALANCE SHEET | | | |
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -6036456.85 |
| 312000000 | Reserves | B-3 | 44128505.00 |
| | Total Reserve & Surplus | | 38092048.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7906882.00 |
| | Total Grants, Contributions for Specific Purposes | | 7906882.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 244240.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 637411.85 |
| | Total Current Liabilities and Provisions | | 881651.85 |
| | TOTAL LIABILITIES | | 46880582.00 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 49559064.00 |
| 411000000 | Accumulated Depreciation | B-11 | -16021496.00 |
| 412000000 | Capital Work in Progress | B-11(a) | -239201.00 |
| | Total Fixed Assets | | 33298367.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5395644.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 7576581.00 |
| 460000000 | Loand, Advances and Deposits | B-18 | 609990.00 |

| | |
|---|---|
| Total Current Assets, Loans and Advances | 13582215.00 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 46880582.00 |